വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ബാംബൂ കോർപ്പറേഷന്റെ കമ്പനി ലേ ഓഫ് കഴിഞ്ഞ് ഇന്നലെ പ്രവർത്തനം ആരംഭിച്ചു. 2001-02-ൽ 60.15 ലക്ഷം രൂപയും 2002-03-ൽ 112.6 ലക്ഷം രൂപയുമാണ് കോർപ്പറേഷന്റെ നഷ്ടം. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബാംബൂ കോർപ്പറേഷന്റെ ഉല്പന്നം വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് സിസ്റ്റം സജീവമാക്കാനും മാനേജുമെന്റ് സംവിധാനത്തിൽ മാറ്റങ്ങൾ വരുത്താനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മാത്രവുമല്ല, കേന്ദ്രം വില്പന നികുതി ഈടാക്കുന്നതു കൊണ്ട് ഒരു പ്രതിസന്ധിയുണ്ട്. രെസ്ട്രിക്ഷൻ പിരീഡിൽ ഈറ്റ മുറിക്കാനുള്ള തടസ്സമുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസം കഴിഞ്ഞാൽ അത് നീക്കം ചെയ്യാനുള്ള പ്രത്യേക അനുമതി ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുവാനും നടപടി എടുത്തുവരുന്നു. ചൈന പോലുള്ള രാജ്യങ്ങളിൽ നിന്നും ബാംബൂ സപ്ലൈ ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഇവിടെയുള്ള ഉല്പന്നങ്ങൾ ലാമിനേറ്റു ചെയ്ത് ബാംബൂ ബോർഡ് വികസിപ്പിച്ച് എടുക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് എടുത്തുവരുന്നു. താമസിയാതെ അതു ലാഭകരമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നതാണ്.

(3) സംസ്ഥാനത്തെ ലോട്ടറി വില്പനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കലും ഓൺലൈൻ ലോട്ടറി നിരോധിക്കലും

ശ്രീ. എ. കെ. ബാലൻ: സർ, സംസ്ഥാനത്തിനു കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കിത്തരുന്ന ഒരു സ്ഥാപനമാണ് ഭാഗ്യക്കുറി ഡിപ്പാർട്ടുമെന്റ്. ഏതാണ്ട് 35,000-ത്തോളം വരുന്ന അംഗീകൃത ലോട്ടറി ഏജന്റുമാരും രണ്ടര ലക്ഷത്തോളം വരുന്ന സബ് ഏജന്റുമാരും വില്പനക്കാരുമുള്ള ഒരു പ്രസ്ഥാനമാണിത്. സർക്കാരിന് വരുമാന മുണ്ടാക്കിത്തരുന്ന ഈ തൊഴിലാളി വിഭാഗങ്ങൾക്കുവേണ്ടി ക്ഷേമപദ്ധതി പോലുള്ള ആശ്വാസ നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. അതിനാൽ ലോട്ടറി വില്പനക്കാർക്കു വേണ്ടി ഒരു ക്ഷേമ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്നു താല്പര്യപ്പെടുന്നു. സംസ്ഥാന സർക്കാരിനു ലഭിക്കേണ്ടുന്ന കോടിക്കണക്കിനു രൂപയുടെ വരുമാനം അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തിയിട്ടുള്ള ഓൺലൈൻ ലോട്ടറിക്കാർ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. ഒരാഴ്ച ആറു കോടി രൂപയാണ് കേരളത്തിൽനിന്നും പോകുന്നത്. ഓൺലൈൻ ലോട്ടറി മൂലം കോടിക്കണക്കിനു രൂപ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതു നിരോധിക്കുന്നതിനും പേപ്പർ ലോട്ടറി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. 2000-01-ൽ 26 കോടി 79 ലക്ഷം രൂപയാണ് ലോട്ടറിയിൽ നിന്നും നമുക്ക് ലഭിച്ചത്. 2002-03-ൽ അത് 13 കോടി രൂപയായി കുറഞ്ഞു. ഈ സാഹചര്യത്തിലാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, നമ്മുടെ സംസ്ഥാനത്ത് ആകെ 32,296 അംഗീകൃത ലോട്ടറി ഏജൻറുമാരാണുള്ളത്. അവർക്ക് ക്ഷേമപദ്ധതി ഉണ്ട്. സബ് ഏജന്റുമാരെ അതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏജന്റുമാർക്ക് മാസം 15 രൂപ അടച്ചാൽ മതി. 10,000 രൂപ വരെ മരണാനന്തരം കിട്ടുന്നതാണ്. അന്യ സംസ്ഥാനങ്ങളിലെ ലോട്ടറി നിരോധിക്കാൻ നിയമമില്ല. ഓൺലൈൻ ലോട്ടറിയെ സംബന്ധിച്ച് പരാതി കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ചു പരിശോധിക്കുന്നതാണ്. ഇവിടെ ഓൺലൈൻ ലോട്ടറി നടത്താൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly